# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5764 — 02/7/2014-ൽ മറുപടിക്ക്

## കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് ഇപ്പോൾ നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) അധിവർഷാനുകൂല്യം, വിവാഹധനസഹായം, മരണാനന്തര സഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ അവാർഡ് എന്നിവയാണ് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ. |
| (ബി) അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് എപ്പോൾ ആനുകൂല്യം വിതരണം ചെയ്യുമെന്ന് അറിയിക്കുമോ; | (ബി) ബോർഡിൽ നിന്നും വിതരണം ചെയ്യാനുള്ള ആനുകൂല്യ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) കുടിശ്ശിക നൽകുന്നതിനുള്ള തുക ബോർഡിന്റെ കൈവശമുണ്ടോ; ഇല്ലെങ്കിൽ കുടിശ്ശിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ഇല്ല.<br>ബോർഡിൽ നിന്നും വിതരണം ചെയ്യാനുള്ള ആനുകൂല്യ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. ഇതിനുപുറമെ ബോർഡിന്റെ വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി അംശാദായ വിഹിതം വർദ്ധിപ്പിക്കുന്നതിനും തൊഴിലുടമാ വിഹിതം വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

JSK